**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 991** **27-07-2021 - ൽ മറുപടിയ്ക്ക്**

**കപ്പ കർഷകർ നേരിടുന്ന പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന മഴയിലും പ്രളയത്തിലും വെള്ളം കെട്ടിക്കിടന്ന് കൃഷി നശിക്കുന്നതും, ഉയർന്ന കൂലിച്ചെലവും, തുടർച്ചയായി വിലയില്ലാതായതും മലയാളികളുടെ ഇഷ്ടഭക്ഷണമായ കപ്പ കൃഷി ചെയ്യുന്ന കർഷകരെയടക്കം പ്രതിസന്ധിയിലാക്കിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്, സുഭിക്ഷ കേരളം പദ്ധതി പ്രകാരം കേരളത്തിൽ കൃഷി വ്യാപനത്തിന്റെ ഭാഗമായി കൃഷി ചെയ്ത കപ്പ വിളവെടുക്കാൻ പാകമായപ്പോയാണ് കോവിഡ് രണ്ടാം തരംഗം ഉണ്ടായത്. ഇത് കാരണം കേരളത്തിലെ കപ്പ കർഷകർക്ക് വേണ്ട രീതിയിൽ വിപണനം നടത്താൻ സാധിച്ചില്ല. ഇത് പരിഹരിക്കുന്നതിന്റെ ഭാഗമായാണ് ഹോർട്ടികോർപ്പ് കർഷകരിൽ നിന്നും നേരിട്ട് സംഭരണം ആരംഭിച്ചത്. |
| (ബി) | പൊതു വിപണിയിൽ 20 മുതൽ 25 രൂപ വരെ വിലയുള്ളപ്പോഴും ഇടനിലക്കാർ ഒരു കിലോ കപ്പയ്ക്ക് എട്ട് മുതൽ പന്ത്രണ്ട് രൂപ വരെയാണ് കർഷകർക്ക് നൽകുന്നതെന്ന കാര്യം പരിശോധിക്കുകയുണ്ടായോ; | (ബി) | കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ന്യായ വില ഉറപ്പാക്കാനാണ് സംസ്ഥാന സർക്കാർ 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാനവില പ്രഖ്യാപിച്ചത്. ഇത് പ്രകാരം മരച്ചീനിയുടെയും സംഭരണം നടത്തിവന്നിരുന്നു. എന്നാൽ കോവിഡ് 19 ന്റെ രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിനു കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലക്ക് സംഭരിക്കുന്നതിനു ഹോർട്ടികോർപിന് നിർദ്ദേശം നൽകുകയും അതു പ്രകാരം ഹോർട്ടികോർപ് വിപണിയിൽ ഇടപെടുകയും ചെയ്തു. |
| (സി) | കൃഷിവകുപ്പിന്റെയും ഹോർട്ടികോർപ്പിന്റെയും വിപണി ഇടപെടലുകളുടെ ഭാഗമായി 'വാട്ടുകപ്പ'യ്ക്കായുള്ള കപ്പ സംഭരണം ഏത് ഏജൻസി മുഖേനയാണ് നടത്തുന്നതെന്ന് അറിയിക്കാമോ; | (സി) | കൃഷി വകുപ്പിന്റെയും ഹോർട്ടികോർപ്പിന്റെയും വിപണി ഇടപെടലുകളുടെ ഭാഗമായി 'വാട്ടുകപ്പ' യ്ക്കായുള്ള കപ്പ സംഭരണം ഹോർട്ടികോർപ് മുഖേനയാണ് നടത്തിവരുന്നത്. |
| (ഡി) | 25 രൂപയെങ്കിലും വില കിട്ടിയെങ്കിൽ മാത്രമേ കർഷകർക്ക് ഈ കൃഷി ലാഭകരമാകൂ എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | അടിസ്ഥാന വില പദ്ധതി പ്രകാരം വിളകൾക്ക് താങ്ങു വില നിശ്ചയിച്ചത് സംസ്ഥാന പ്രൈസസ് ബോർഡിന്റെ വിളകളുടെ ഉല്പാദന ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിലാണ്.അത് പ്രകാരം ഒരു കിലോ കപ്പ ഉല്പാദിപ്പിക്കുവാൻ 9.68 രൂപയാണെന്നാണ് ചെലവ് |

| | | | |
|---|---|---|---|
| | | | കണക്കാക്കിയിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിലാണ് അടിസ്ഥാന വില നിശ്ചയിച്ചിട്ടുള്ളത്. |
| (ഇ) | എങ്കിൽ സർക്കാർ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള സംഭരണ വിലയായ 12 രൂപ എന്നത് ഉയർത്തുന്നതിനും ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് നേരിട്ട് വിപണി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഇ) | ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള താങ്ങു വിലയായ 12 രൂപ എന്നത് ഉയർത്തുന്നത് സംബന്ധിച്ച് പരിശോധിച്ചു വരുന്നു. ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് നേരിട്ട് വിപണി ലഭ്യമാക്കുന്നതിനു നടപടികൾ സ്വീകരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ